# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/59/2018 2018 മാർച്ച് 19

## <u>പത്രക്കുറിപ്പ്</u>

**<u>സമക്ഷം ഫീച്ചർ സിനിമ: എം.ജി. യൂണിവേഴ്സിറ്റി ക്രിയേഷൻസ് ലോഗോ പ്രകാശനം ചെയ്തു</u>**

ജൈവ കൃഷി ജീവന രീതികളും പരിസ്ഥിതി സൗഹൃദ ജൈവകൃഷിയും പൊതുബോധന പ്രക്രിയയിലൂടെ സാർവ്വത്രികമാക്കാനായി സമക്ഷം എന്ന പേരിൽ ഫീച്ചർ സിനിമ നിർമ്മിക്കുന്നതിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസ് എന്ന ബാനർ ഫിലിം ചേമ്പറിൽ രജിസ്റ്റർ ചെയ്തു.

കഴിഞ്ഞ ഓഗസ്റ്റ് മാസം മുതൽ സർവ്വകലാശാല നടപ്പിലാക്കിവരുന്ന ജൈവ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായാണ് ചലച്ചിത്ര നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്. ഫീച്ചർ സിനിമയ്ക്ക് മറ്റിതര മാധ്യമങ്ങളേക്കാൾ പൊതുസമൂഹത്തിലുള്ള സ്വീകാര്യതയാണ് സിനിമാനിർമ്മാണത്തിലേക്ക് തിരിയാൻ സർവ്വകലാശാലയെ പ്രേരിപ്പിച്ചത്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസിന്റെ ലോഗോ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, ജൈവം സംഘാടക സമിതി ചെയർമാൻ അഡ്വ. പി.കെ. ഹരികുമാറിന് നൽകിക്കൊണ്ട് പ്രകാശിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളാ ചീഫ് ജനറൽ മാനേജർ എസ്. വെങ്കിട്ടരാമൻ, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ്, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ക്രിയേറ്റീവ് മൈന്റ്സ് എസ്. രാധാകൃഷ്ണനാണ് ലോഗോ രൂപകല്പന ചെയ്തത്.

ഇത്തവണത്തെ സംസ്ഥാന സർക്കാരിന്റെ ചലച്ചിത്ര അവാർഡുകൾ നേടിയ ഇന്ദ്രൻസും അലൻസിയറും സമക്ഷത്തിന്റെ ഭാഗമാകും. കൈലാഷ്, ഗായത്രി കൃഷ്ണ, പ്രേംപ്രകാശ്, പി. ബാലചന്ദ്രൻ, സോഹൻ സിനു ലാൽ, ദിനേശ് പ്രഭാകർ, മാസ്റ്റർ ആദിഷ് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കും. ഡോ. അജു കെ. നാരായണനും ഡോ. അൻവർ അബ്ദുള്ളയും ചേർന്നാണ് കഥ, തിരക്കഥ, സംഭാഷണം, സംവിധാനം എന്നിവ നിർവ്വഹിക്കുക. ഛായാഗ്രഹണം: നൗഷാദ് ഷെരീഫ്, എഡിറ്റിംഗ്: ശ്രീകുമാർ നായർ, ഗാനരചന: സുധാംശു, സംഗീതം: എബി സാൽവിൻ, കലാസംവിധാനം: ദിലീപ് നാഥ്, ചമയം: മനോജ് അങ്കമാലി, വസ്ത്രാലങ്കാരം: സുനിൽ റഹ്മാൻ, പ്രൊഡക്ഷൻ കൺട്രോളർ: ബിനു മുരളി.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. കെ. ഷെറഫുദ്ദീൻ, രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡോ. അജു കെ. നാരായണൻ, ഡോ. ഹരികുമാർ ചങ്ങമ്പുഴ എന്നിവരാണ് ചലച്ചിത്രനിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്നത്.

**അടിക്കുറിപ്പ്**

**(1) ജൈവ കൃഷി ജീവന രീതികളും പരിസ്ഥിതി സൗഹൃദ ജൈവകൃഷിയും പൊതുബോധന പ്രക്രിയയിലൂടെ സാർവ്വത്രികമാക്കാനായി സമക്ഷം എന്ന പേരിൽ ഫീച്ചർ സിനിമ നിർമ്മിക്കുന്നതിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസിന്റെ ലോഗോ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, ജൈവം സംഘാടക സമിതി ചെയർമാൻ അഡ്വ. പി.കെ. ഹരികുമാറിന് നൽകി പ്രകാശിപ്പിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളാ ചീഫ് ജനറൽ മാനേജർ എസ്. വെങ്കിട്ടരാമൻ, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ്, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ സമീപം**

**(2) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്രിയേഷൻസിന്റെ ലോഗോ**

**<u>പ്രാക്ടിക്കൽ</u>**

2018 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ

(സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 22 മുതൽ ഏപ്രിൽ 11 വരെ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഓഫ് കാമ്പസ് പരീക്ഷാ കേന്ദ്രങ്ങൾ**

2018 മെയ് മാസത്തിൽ നടത്തുന്ന ഓഫ് കാമ്പസ് പരീക്ഷകൾക്ക് റാന്നി സെന്റ് തോമസ് കോളേജ്, ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, കുമരകം ശ്രീനാരായണ കോളേജ്, ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജ്, ഏറ്റുമാനൂർ സി.എസ്.ഐ. കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്, പെരുവന്താനം സെന്റ് ആന്റണീസ് കോളേജ്, കളമശ്ശേരി സെന്റ് പോൾസ് കോളേജ്, ഇടക്കൊച്ചി അക്വിനാസ് കോളേജ്, കാലടി ശ്രീശങ്കരാ കോളേജ്, അങ്കമാലി സെന്റ് ആൻസ് കോളേജ്, പത്തനംതിട്ട ചുട്ടിപ്പാറ കോളേജ് ഓഫ് ആർട്സ് ആന്റ് കൊമേഴ്സ് എന്നിവ പരീക്ഷാകേന്ദ്രങ്ങളായിരിക്കും.

**പരീക്ഷാഫലം**

2017 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി (നോൺ സി.എസ്.എസ്., സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (പി.ജി. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2017 ഒക്ടോബർ മാസത്തിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഒക്ടോബറിൽ നടത്തിയ നാലാം വർഷ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 2 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി (പുതിയതും പഴയതും സ്കീമുകൾ), നവംബറിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 3 വരെ അപേക്ഷിക്കാം.

**സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷാ പരിശീലനം**

ബി.കോം (കോ-ഓപ്പറേഷൻ)/ജെ.ഡി.സി./എച്ച്.ഡി.സി. യോഗ്യതയുള്ളവർക്കായി നടത്തുന്ന സഹകരണ ബാങ്ക് ജൂനിയർ ക്ലർക്ക് പരീക്ഷാപരിശീലന ക്ലാസ്സുകൾ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ മാർച്ച് 22 മുതൽ ആരംഭിക്കും. ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് താല്പര്യമുള്ളവർ 0481 - 2731025 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**